# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓഡിറ്റ് റിപ്പോർട്ട്
# തിരുനാവായ ഗ്രാമ പഞ്ചായത്ത്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/3282/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 30-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

തിരുനാവായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുനാവായ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം17/3282/2016 തിയ്യതി: 30-01-2017

## മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-8-2016 മുതൽ 05-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.8.2016 മുതൽ 31.8.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-11-2016 മുതൽ 02-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ ദിനേശൻ. എം | ഓഡിററ് ഓഫീസർ |
| 2 | ശ്രീ റിഷിൽ. പി | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ സന്തോഷ് . പി.റ്റി | അസി. ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി ലത. ഒ .വി. | ഓഡിററർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കെ വി. സുബൈദ | 01-04-2015 മുതൽ 31-1-2016വരെ |
| ശ്രീ ഫൈസൽ എടശ്ശേരി | 1-2-2016മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ എം.പി.പ്രഭാകരൻ<br>ശ്രീ വേലായുധൻ.എം, അസി. സെക്രട്ടറി<br>(ഇൻ ചാർജ് ) | 01.04.2015 മുതൽ 31.5.15 വരെ<br>1.6.2015മുതൽ 29.7.2015വരെ |

| | |
|---|---|
| ശ്രീമതി ടി.പി.സരസ്വതി | 30.7.2015 മുതൽ 31.3 2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വേലായുധൻ.എം | 01.04.2015 മുതൽ 20.8.15 വരെ |
| | ശ്രീ മുരളീധരൻ നായർ.വി | 21.8.2015മുതൽ 31.10.2015വരെ |
| | ശ്രീ മുഹമ്മദ് ശരീഫ്.എം | 1.11.2015മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി | 01.04.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. സൂര്യനാരായണൻ | 01.04.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബീന | 01.04.2015മുതൽ 31.3.2016വരെ |
| വി. ഇ. ഒ | ശ്രീ രജിത്ത് കമൽ | 01.04.2015 മുതൽ 31.07.2015 വരെ |
| | ശ്രീ മുഹമ്മദ് ഹാഷിം | 01.08.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രാജീവ് | 01.04.2015 മുതൽ 29.2.16 വരെ |
| | ശ്രീ മുജീബ് റഹ്മാൻ | 01.03.2016 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ പി.കെ അജയകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ശശീന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല | 2-1 | |
| 13 | തൊഴിൽ നികുതി- അനുബന്ധരജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 2-2 | |
| 14 | ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു | 2-3 | |

| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
|---|---|---|---|
| 15 | തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – ഗുരുതര വീഴ്ച – 82,950 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 | |
| 15 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 22,99,930 രൂപ തടസ്സം ചെയ്യുന്നു | 3-2 | |
| 16 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-3 | |
| 17 | പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല-14,27,060രൂപ തടസ്സം ചെയ്യുന്നു | 3-4 | |
| 18 | സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഡി.ഡി നൽകിയത് - സർക്കാർ ഉത്തരവിന് വിരുദ്ധം | 3-5 | |
| 19 | ആവശ്യകതക്കനുസരിച്ച് പദ്ധതി തയ്യാറാക്കുന്നില്ല | 3-6 | |
| 20 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു | 3-7 | |
| 21 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. | 3-8 | |
| 22 | ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം | 3-9 | |
| 23 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല | 3-10 | |
| 24 | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-11 | |
| 25 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 3-12 | |
| 26 | പൊതുശ്മശാനം നവീകരണം - ഫീൽഡ് ബുക്ക് ഹാജരാക്കിയിട്ടില്ല | 3-13 | |
| 27 | രൂപീകരിക്കാത്ത ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ - നിഷ്ഫലമായ ചെലവ് | 3-14 | |
| 28 | ആശ്രയ പദ്ധതി -പൊതു അവലോകനം | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.3.2015 തിയതിയിലെ 1-ാം.നമ്പർ തീരുമാനപ്രകാരം സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.7.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29.11.16 -30.11.16 | KSA.MPM-17/3282/2016 തീയതി 30-01-2017 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷികകണക്ക് അപാകതകൾ

1 ആസ്തിബാധ്യതകൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2 ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3 വസ്തു നികുതി, ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

4 താഴെ പറയുന്ന നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നിലനിർത്തുന്നു.

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് | ഇനം |
|---|---|---|---|
| 1 | 4110 | അനന്താവൂർ സർവീസ് സഹകരണബാങ്ക് | സാക്ഷരത |
| 2 | 67079978791 | എസ് ബി ടി കുറ്റിപ്പുറം | ഷോപ്പിംഗ് കോംപ്ലക്സ് |
| 3 | 70184 | പോസ്റ്റ് ഓഫീസ് | തനത് ഫണ്ട് |
| 4 | 57052669659 | എസ് ബി ടി കുറ്റിപ്പുറം | എസ്ജിആർ വൈ |

5 മുൻ വർഷ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾപരിഹരിച്ചിട്ടില്ല.

6 താഴെ പറയുന്ന ഇനങ്ങളിൽ വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| തൊഴിൽ നികുതി | വാർഷികകണക്ക് പ്രകാരം | 1595510 | വാർഷികകണക്ക് പ്രകാരം | 1595510 | വാർഷികകണക്ക് പ്രകാരം | ഇല്ല |
| | ഡിമാന്റ് രജിസ്റ്റർ പ്രകാരം | 1588850 | ഡിമാന്റ് രജിസ്റ്റർ പ്രകാരം | 1585050 | ഡിമാന്റ് രജിസ്റ്റർ പ്രകാരം | 3800 |

7 റെന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

8.മരാമത്ത് പ്രവൃത്തികളിലെ പെർഫോർമെന്റ്സ് ഗ്യാരന്റിയായി (EMD, Security Deposit) ലഭിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 24746431

വരവ് - 47290222

ആകെ - 72036653

ചെലവ് - 56892905

നീക്കിയിരിപ്പ്- 15143748

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP 40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1845247 | 6396924 | 14416247 | 11641735 | 6174076 | 2824512 | 80% | 0 |
| വികസനഫണ്ട് എസ്.സി.പി. | 2830531 | 6665531 | 6665531 | 3631149 | (-)2830531 | 3034382 | 54 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 24000 | 24000 | 24000 | | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 54070 | 3876000 | 3930070 | 3924833 | 0 | 5237 | 99 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 281302 | 3907000 | 4188302 | 3341818 | | 846484 | 79.7 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1888655 | 8512906 | 7868463 | 6739797 | (-)2533098 | 1128666 | 85 | 0 |
| ലോക ബാങ്ക് സഹായം | 4121958 | 810447 | 4121958 | 4715188 | (-)810447 | 6770 | 99.83 | 0 |
| ബി-ഫണ്ട് | - | 33281400 | 33281400 | 33281400 | -- | 0 | 100 | 0 |
| NREGS | - | 5279085 | 5279085 | 5277612 | -- | 1473 | 99.97 | 1473 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 200 | 61654345 | 174 | 41310610 | 32 | 13 | 155 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം -63ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5008146 | 5512082 | 413936 | 8 |
| നികുതിയേതര വരവുകൾ | 1902379 | 602130 | -1300249 | -68 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ (ജനറൽ പർപസ് ഫണ്ട്) | 855235 | 827906 | -27329 | -3 |
| ആകെ | 7855760 | 6942118 | -913642 | -63 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44400 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 938400 | 125 |
| വിധവാ പെൻഷൻ | 12497600 | 1256 |
| വാർദ്ധക്യകാല പെൻഷൻ | 13290060 | 1773 |
| വികലാംഗ പെൻഷൻ | 4084860 | 391 |
| വിവാഹധനസഹായം | - | - |
| 50 വയസ്സിനു മുകളിലുള്ളവർക്കുള്ള ധനസഹായം | 356080 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 87645 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

തനത് ഫണ്ട് വൗച്ചറുകൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു (പ്രത്യേക ഖണ്ഡിക കാണുക)

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം - പൊതുവായ ന്യൂനതകൾ

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ കണ്ട പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

എ) കാഷ് ബുക്ക് എഴുതുന്നില്ല.

ബി) കരാറുകാരിൽ നിന്നും സ്വീകരിക്കുന്ന നിരതദ്രവ്യം തിരികെ കൊടുക്കുന്നത് നിരീക്ഷിക്കാൻ സംവിധാനം ഇല്ല. നിരതദ്രവ്യമായി സമർപ്പിക്കപ്പെടുന്ന നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരം ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് തിരിച്ച് കൊടുക്കുമ്പോൾ അക്കാര്യം രേഖപ്പെടുത്തി രജിസ്റ്ററിൽ കരാറുകാരുടെ തീയതി വച്ച ഒപ്പ് വാങ്ങുന്നില്ല. ആയത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

സി) ജാമ്യ നിക്ഷേപമായി ലഭിക്കുന്ന നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഈ രജിസ്റ്ററിലെ ക്രമനമ്പർ നിക്ഷേപ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്താത്തതിനാൽ നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഭൗതിക പരിശോധന സാധ്യമായിട്ടില്ല. അതുപോലെ നീക്കിയിരിപ്പുള്ള നിക്ഷേപത്തിന്റെ സംക്ഷിപ്തം തയ്യാറാക്കാത്തതിനാലും, വർഷം തിരിച്ച കണക്ക് രേഖപ്പെടുത്താത്തതിനാലും കാലഹരണപ്പെട്ട നിക്ഷേപം മുതൽക്കൂട്ടാൻ അവശേഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2016 | 10/2016 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2009-10 | 16.8.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തിരുന്നാവായ വനിത സഹകരണസംഘം 2015-16 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഈ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്തുഫണ്ടിലടവാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 5/12.12.16 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്).

## 2-2 തൊഴിൽ നികുതി- അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്ററർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയ്ക്കുവേണ്ടി സ്ഥാപന രജിസ്ററർ സൂക്ഷിച്ചിട്ടില്ല. ഡി&ഒ ലൈസൻസ് ഫീ ചുമത്തിയിട്ടുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും കൂടി ഉൾപ്പെടുത്തി സ്ഥാപന രജിസ്ററർ സൂക്ഷിയ്ക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്ററ് ഓഡിറ്റിനു ഹാജരാക്കിയെങ്കിലും രജിസ്ററർ മുഴുവനായും എഴുതി പൂർത്തീകരിച്ചിട്ടില്ല.

തൊഴിൽ നികുതി സംബന്ധിച്ച രജിസ്ററുകൾ മതിയായ രേഖപ്പെടുത്തലുകളോടെ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്.

## 2-3 ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു

ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ കണക്കു വക്കാതെ ഫയലിൽ സൂക്ഷിക്കുമ്പോൾ അവയുടെ ബാദ്ധ്യത കണക്ക് രേഖപ്പെടുത്താതെ പോകുന്നു. നിക്ഷേപങ്ങൾ കാലഹരണപ്പെടുമ്പോൾ അവ പഞ്ചായത്തിന്റെ വരുമാനമാക്കി മാറ്റി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ (തനത് ഫണ്ട്) വരവ് വക്കേണ്ടതാണ്. എന്നാൽ സ്ഥിര നിക്ഷേപ രസീതികൾ ഫയലിൽ സൂക്ഷിക്കുന്നതിനാൽ കാലാഹരണപ്പെട്ടവ കണ്ടെത്തുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കഴിയില്ല. ഇത് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടമാകുന്നതിന് ഇടവരുത്തുന്നു. ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതും ഫയലിൽ സൂക്ഷിച്ചതുമായ എല്ലാ സ്ഥിര നിക്ഷേപ രസീതികളുടേയും കണക്കെടുത്ത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതും വാർഷിക കണക്കിൽ ഉൾപ്പെടുത്തി വാർഷിക കണക്ക് കുറ്റമറ്റതാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – ഗുരുതര വീഴ്ച - 82,950 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണം- സെക്രട്ടറി

പ്രൊജക്റ്റ് നം - SO20/16

വൗച്ചർ - 21500586/19.11.15 – 3,70,403

21600185/15.06.16 – 1,60,000

21600511/24.10.16 – 98,321

തിരുനാവായ ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലായുള്ള തെരുവ് വിളക്കുകൾ ഒരു വർഷ കാലയളവിലേക്ക് സമ്പൂർണ്ണ അറ്റകുറ്റപ്പണി നടത്തി പ്രകാശിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം ഓരോ തെരുവ് വിളക്കിനും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൽ കബീർ .ടി.പി., AK Electricals, Kootapadam (PO) എന്നവരുടെ ടെണ്ടർ അംഗീകരിച്ചു. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കരാറുകാരൻ നൽകിയ തിയതി രേഖപ്പെടുത്താത്ത 274 ാം ബില്ല് പ്രകാരമുള്ള തുക 6,35,075 രൂപ ആദായ നികുതി 1% കുറവ് ചെയ്ത് ടിയാന് അനുവദിച്ചു. പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1). പദ്ധതിക്ക് അടങ്കൽ കാണിച്ചിരിക്കുന്നത് 8,00,000 രൂപയാണ്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അതിൽ തന്നെ പ്രവർത്തന ക്ഷമമായത്, പ്രവർത്തനക്ഷമമല്ലാത്തത് എന്നിവ സംബന്ധിച്ച് യാതൊരു കണക്കുകളും ഇല്ലാതിരിക്കെ ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് 8,00,000 രൂപ അടങ്കൽ നിശ്ചയിച്ചത് എങ്ങിനെയെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നത് 21.10.2016 ൽ മാത്രമാണ്.

2). കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുന്നത് 14.9.2015 നാണ്. 3/15-16/15.9.16 പ്രകാരം ഗ്രാമ പഞ്ചായത്ത് കരാറുകാരനുമായി കരാർ ചമച്ചു. കരാർ ചമച്ച് 3 ദിവസത്തിനകം തന്നെ പണി തുടങ്ങണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറുടമ്പടി പ്രകാരം കരാർ തിയതി മുതൽ ഒരു വർഷകാലം പ്രവൃത്തി നടത്തേണ്ടതും ആയതിന്റെ ബിൽ 4 ഘട്ടമായി 50%,20%,15%,15% എന്ന അനുപാതത്തിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതുമാണ്. എന്നാൽ 15.9.2015 ന് കരാർ ചമച്ച കരാറുകാരൻ താഴെ പറയും പ്രകാരമുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കിതായി കാണിച്ച് ആയതിന്റെ ബില്ല് 3.10.2015 നുള്ളിൽ സമർപ്പിച്ചു. (നോട്ട് ഫയൽ എഴുതിയത് 3.10.2015 നാണ്. കരാറുകാരന്റെ ബില്ലിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.) കരാർ ചമച്ച തിയതിയും ബില്ല് സമർപ്പിച്ച തിയതിയും തമ്മിൽ 15 ദിവസത്തെ വ്യത്യാസമാണുള്ളത്. അതനുസരിച്ച് ഏകദേശം 10-15 ദിവസങ്ങൾ മാത്രമാണ് കരാറുകാരന് പ്രവൃത്തി നടത്താൻ ലഭിക്കുന്നത്.

| ഇനം | അളവ് (എണ്ണം) | നിരക്ക് | തുക |
|---|---|---|---|
| CFL (Automatic) | 953 | 600 | 5,71,800 |
| CFL (Ordinary) | 111 | 575 | 63,825 |
| Tube Light (Double | 92 | 790 | 72,680 |
| Tube Light (Single) | 50 | 650 | 32,500 |
| ആകെ | 1206 | | 7,40,805 |

വെറും 10 -15 ദിവസത്തിനുള്ളിൽ തന്നെ 23 വാർഡുകളിലുള്ള 1206 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കി എന്നത് അവിശ്വസനീയമാണ്. മാത്രമല്ല ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന കാലയളവിരിക്കെ ഈ ഒരു ബിൽ മാത്രമാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്.

3). തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നത് 21.10.2016 ൽ മാത്രമാണ്. കെ.എസ്.ഇ.ബി.യുടെ റിപ്പോർട്ട് പ്രകാരം (DB/TVA/15-16 Dtd. 21.10.16) ഗ്രാമ പഞ്ചായത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
| CFL (Automatic) | 475 |
| CFL (Ordinary) | 373 |
| Tube Light (Double | 105 |
| Tube Light (Single) | 81 |
| Sodium Vapour Lamp | 21 |
| Total | 1055 |

ഗ്രാമ പഞ്ചായത്തിൽ 1034 (1055-21) തെരുവ് വിളക്കുകളാണ് ഉള്ളത് എന്നിരിക്കെ കൂടുതൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ച് കരാറുകാരൻ തെറ്റായ കണക്കുകൾ ഉണ്ടാക്കി പണം തട്ടാൻ ശ്രമിച്ചിട്ടുണ്ടെന്ന് മേൽ കണക്കുകളിൽ നിന്നും വ്യക്തമാണ്.

4). വൗച്ചർ നം 21500586/19.11.15 – 3,70,403, 21600185/15.06.16 – 1,60,000 എന്നിവ പ്രകാരം 5,30,403 രൂപ

അനുവദിച്ചതിനുശേഷം 21.10.2016 ലെ 15(3):ാം നമ്പർ തീരുമാന പ്രകാരം ബാക്കി തുക കെ.എസ്.ഇ.ബി.യുടെ ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തിനനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തി ബാലൻസ് തുക അനുവദിച്ചു

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| CFL (Automatic) | 475 | 600 | 2.85,000 |
| CFL (Ordinary) | 373 | 575 | 2,14,475 |
| Tube Light (Double | 105 | 790 | 82,950 |
| Tube Light (Single) | 81 | 650 | 52,650 |
| ആകെ | 1034 | | 6,35,075 |

payment

Bill -6,35,075

3,70,403 (part bill)

1,60,000 (part bill)

1,04,672

6351 (Deduct Income Tax 1%)

98,321

മേൽ പ്രകാരം തുക അനുവദിച്ചതിൽ കരാറുകാരൻ റിപ്പയറിംഗ് നടത്താത്ത താഴെ പറയുന്ന ഇനങ്ങൾക്കും അധികമായി തുക അനുവദിച്ചു.

| ഇനം | കരാറുകാരന്റെ ബിൽ പ്രകാരം റിപ്പയറിംഗ് ചെയ്തത്(എണ്ണം) | തുക അനുവദിച്ചത് (എണ്ണം) | അധികം |
|---|---|---|---|
| Tube Light (Single) | 50 | 81 | 31*650 = 20150 |

അധികമായി ചെലവഴിച്ച 20150 രൂപ അനുവദിക്കുന്നില്ല.

5). മുൻ വർഷത്തെ പ്രൊജക്ട് നമ്പർ 188/14 പ്രകാരം ക്രൂസിൽ നിന്നും 105 Tube Light (Double) വാങ്ങുകയും ആയതിന് 2,18,408 രൂപ മുൻകൂറായി 18.3.2014 ന് ക്രൂസ്സിന് അനുവദിച്ചു. പ്രസ്തുത ട്യൂബ് ലൈറ്റുകലൾ K.S.E.B യിൽ സൂപ്പർവിഷൻ ചാർജ് 21.5.15 ന് അടച്ചതിനുശേഷം 1.6.15 ലെ സെക്രട്ടറിയുടെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിക്കാൻ ആവശ്യപ്പെടുകയും ഇതനുസരിച്ച് 14.7.15 ന് 23 വാർഡുകളിലെ 105 പോസ്റ്റുകളിൽ വിളക്കുകൾ സ്ഥാപിച്ചതായി ക്രൂസ്സ് (കാസർഗോഡ്) സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇൻവോയ്സ് പ്രകാരം 15 മാസത്തെ വാറന്റി കാലയളവുള്ള (14.10.2016 വരെ) ഈ ട്യൂബ് ലൈറ്റുകൾ വരെ റിപ്പയർ ചെയ്തതായി കരാറുകാരന്റെ ബില്ല് പ്രകാരം കാണുന്നു. പുതിയത് സ്ഥാപിച്ച് രണ്ടര മാസത്തിനിടയിലാണ് റിപ്പയർ ചെയ്തതായി കാണിച്ച് ബില്ല് എഴുതിയിട്ടുള്ളത്. വാറന്റി കാലയളവുള്ള പ്രസ്തുത തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് അനുവദിച്ച 82,950 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

6). കരാർ വ്യവസ്ഥ നം 8 പ്രകാരം കേടുവന്ന തെരുവ് വിളക്കുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും തയ്യാറാക്കി വാങ്ങി പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

7). കരാർ വ്യവസ്ഥ നം 9 പ്രകാരം കേടുവന്ന തെരുവ് വിളക്കുകൾ നന്നാക്കാൻ പുതിയ സാധനങ്ങൾ വാങ്ങുമ്പോൾ വാങ്ങിയതിന്റെ ബില്ലുകളും മാറ്റി വച്ച പഴയ സാധനങ്ങളും പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

8) വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും റിപ്പയറിംഗ് ചാർജ് അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

9) കരാറുകാരന്റെ കണക്ക് പ്രകാരം CFL (Ordinary) bulb 111 എണ്ണമാണ് റിപ്പയർ ചെയ്തത്. ആയത് പ്രകാരം അനുവദിക്കാവുന്ന തുക 63,825 രൂപ. ബിൽ പ്രകാരം പരിമിതപ്പെടുത്തി അനുവദിച്ചത് 2,14,475 രൂപ. അധികമായി കരാറുകാരന് നൽകിയത് 150650 രൂപ.

10). പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പരാതി രജിസ്റ്റർ പ്രകാരം 125 തെരുവ് വിളക്കുകളേ പ്രവർത്തന ക്ഷമമല്ലാത്തതുള്ളൂ. 6,10,15,17,20,21 എന്നീ വാർഡുകളിലെ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

10). പരാതി രജിസ്റ്റർ പ്രകാരമുള്ള 75 പരാതികൾ, 23 വാർഡുകളിലുള്ള 1206 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി എന്ന് സാക്ഷ്യപ്പെടുത്തി ബിൽ സമർപ്പിച്ചതിന് ശേഷമുള്ളതാണ്. പ്രസ്തുത പരാതികൾ പരിഹരിച്ചതായി കാണുന്നില്ല. അതുകൊണ്ട് തന്നെ കരാറുകാരന്റെ ഭാഗത്തു നിന്നും കരാർ ലംഘനമുണ്ടായി. ഇതിനെതിരെ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

10). ഇത്രയധികം റിപ്പയറിംഗ് നടത്തിയിട്ടും കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ് അടച്ചതിന്റെ രേഖകളില്ല.

11). 23 വാർഡിലെ മെമ്പർമാരും കരാറുകാരൻ ഉണ്ടാക്കിയ വ്യാജ രേഖകൾ, കണക്കുകൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയാണ്.

ഇല്ലാത്ത കണക്കുണ്ടാക്കി ഗ്രാമ പഞ്ചായത്തിൽ നിന്നും പണം കൈക്കലാക്കാൻ ശ്രമിച്ച കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്. കരാർ നം 3/15-16 തി.15.9.15 പ്രകാരം കരാറുകാരനുമായി കരാർ വച്ചപ്പോൾ വാറന്റി കാലയളവുള്ള 105 Tube Light (Double) ഒഴിവാക്കി കരാർ വക്കേണ്ടിയിരുന്നു. ഇത് ചെയ്യാതിരുന്നതിനാലാണ് കരാറുകാരന് അധികം തുക നൽകാനിടയായത്. ഈയിനത്തിൽ അധികം നൽകിയ 82,950 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക കരാർ ചമച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ Tube Light (Single) ഇനത്തിൽ അധികമായി അനുവദിച്ച തുക 20150 രൂപ, CFL (ordinary) ബൾബ് റിപ്പയർ ഇനത്തിൽ ഉണ്ടായ അധിക ചെലവ് 150650 രൂപ എന്നിവ ഫൈനൽ പേമെന്റ് നടത്തുമ്പോൾ അഡ്ജസ്റ്റ് ചെയ്യേണ്ടിയിരുന്നു. ഇത് ചെയ്യാതിരുന്നത് വഴിയുണ്ടായ നഷ്ടം ഫൈനൽ പേമെന്റ് നടത്തിയ (2016-17) ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മറ്റ് അപാകതകളുടെയും ചെലവ് രേഖകളുടേയും അടിസ്ഥാനത്തിൽ ബാക്കി ചെലവു തുക 5,31,975 തടസ്സം ചെയ്യുന്നു.

## 3-2 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 22,99,930 രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്ട് നം - S0176/16

ബിൽ - 10/18.9.15

തുക - 22,99,930

തിരുനാവായ ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് വേണ്ടി മേൽ ബിൽ പ്രകാരമുള്ള തുക താഴെ പറയുന്ന കെ.എസ്.ഇ.ബി കളിലായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ഡെപ്പോസിറ്റ് ചെയ്തത് | ഡി.ഡി | | റിമാർക്സ് |
|---|---|---|---|
| അസി.എഞ്ചിനീയർ, തിരുനാവായ കെ.എസ്.ഇ.ബി | 418245/19.9.15 | 19,12,790 | 5 മുതൽ 23 വാർഡുകളിലെ പല ഭാഗത്തായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് |
| അസി.എഞ്ചിനീയർ, ത്രുവക്കാട് കെ.എസ്.ഇ.ബി | 418244/19.9.15 | 3,87,140 | 1 മുതൽ 3 വാർഡുകളിലും 23 ാം വാർഡിന്റെ പല ഭാഗത്തും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് |

മേൽ സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തുമായി വച്ച കരാർ (02A/15-16 Dtd. 9.9.15, 02B/15-16 Dtd. 9.9.15) പ്രകാരം പ്രവൃത്തി

9/2015 ന് തുടങ്ങുകയും 31.12.2015 നകം പൂർത്തീകരിക്കുന്നതും പണി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമെന്റ്സ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ഒപ്പിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടികളും കെ.എസ്.ഇ.ബി അധികൃതർ സ്വീകരിച്ചിട്ടില്ല എന്നാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും മനസിലാക്കുവാൻ സാധിച്ചിട്ടുള്ളത്. ഭീമമായ സംഖ്യ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനെതിരെ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക22,99,930 രൂപ തടസ്സം ചെയ്യുന്നു.

## 3-3 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 11,00,000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (SO022/16) | ₹ 11,00,000 | 13/21.01.2016 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻകീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

2) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

പ്രൊജക്ട് ഓഫീസറുടെ വർക്ക്പ്ലാൻ പ്രകാരമുള്ള ഓരോ ഇനങ്ങളുടെയും വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹ 11,00,000 ചെലവു തടസ്സം ചെയ്യുന്നു.

## 3-4 പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല-14,27,060 രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം- സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 14,27,060 രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്ട് | ബിൽ | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|
| 225/16<br>IAY വിഹിതം(Gen)<br>(തിരൂർ ബ്ലോക്ക് പഞ്ചായത്ത്) | 7/14.9.16 | 7,20,000 | വിനിയോഗ സാക്ഷ്യപത്രം |
| 233/16<br>IAY വിഹിതം (SC)<br>(തിരൂർ ബ്ലോക്ക് പഞ്ചായത്ത്) | 29/31.3.16 | 6,50,000 | വിനിയോഗ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| SO 232/16<br>IKM വിഹിതം | 28/30.3.16 | 57060 | കൈപ്പറ്റ് രസീത് |
| ആകെ | | 14,27,060 | |

## 3-5 സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഡി.ഡി നൽകിയത് - സർക്കാർ ഉത്തരവിന് വിരുദ്ധം

നിർവ്വഹണം- അസി.സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഡി.ഡി നൽകിയതായി കാണുന്നു.

1)ഭവന പുനരുദ്ധാരണം (SC)

നം - SO135/16

| ബിൽ | തുക | ഗുണഭോക്താക്കൾ |
|---|---|---|
| 7/29.3.16 | 50,000 | 2 (2*25000) |
| 9/23.3.16 | 75,000 | 3 (3*25000) |
| 16/30.3.16 | 1,00,000 | 4 (4*25000) |
| ആകെ | 2,25000 | |

2)പട്ടികജാതിക്കാരായ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

നം - SO226/16

| ബിൽ | തുക | ഗുണഭോക്താക്കൾ |
|---|---|---|
| 10/23.3.16 | 2,00,000 | 4 (4*50,000) |
| 14/30.3.16 | 1,00,000 | 2 (2*50,000) |
| 1/18.2.16 | 3,00,000 | 6 (6*50,000) |
| ആകെ | 6,00,000 | |

3)കിണർ നിർമ്മാണം

നം - SO189/16

| ബിൽ | തുക | ഗുണഭോക്താക്കൾ |
|---|---|---|
| 8/23.3.16 | 72000 | 6 (6*12,000) |
| ആകെ | 72,000 | |

12ാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം സബ്സിഡി തുക ബാങ്കുകൾ വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യേണ്ടതായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആവശ്യകതക്കനുസരിച്ച് പദ്ധതി തയ്യാറാക്കുന്നില്ല.

പ്രൊജക്റ്റ് നം - SO081/16

ബിൽ - 11/18.9.15

തുക - 2,00,000

മേൽ പ്രൊജക്റ്റ് പ്രകാരം ഐ.എ.വൈ വിഹിതമിനത്തിൽ (എസ്.സി) 2,00,000 രൂപ തിരൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി (DD.418234/19.9.15). തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 7.10.15 ലെ ബി.1451/15 കത്ത് പ്രകാരം തിരുനാവായ ഗ്രാമ പഞ്ചായത്തിൽ ഐ.എ.വൈ എസ്.സി.പി വിഭാഗത്തിൽ 2 ഗുണഭോക്താക്കൾ മാത്രമാണ് കരാർ വച്ചിട്ടുള്ളതെന്നും

ഈയിനത്തിൽ കഴിഞ്ഞ വർഷം ലഭിച്ച 2,76,250 രൂപ മിച്ചമുള്ളതിനാലും 2,00,000 രൂപ തിരിച്ച് നൽകി. അതു പ്രകാരം തിരിച്ച് ലഭ്യമായ തുക 331/16.10.15 ചെലാൻ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചു. പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം കാണിച്ചിട്ടില്ല. പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതിയുടെ ആവശ്യകതാ നിർണ്ണയം നടത്തുന്നില്ല. പദ്ധതി പണം എങ്ങിനെയെങ്കിലും ചെലവാക്കുക എന്ന രീതിയാണ് കാണുന്നത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ 195/16, എസ്എസ്എൽസി തുല്യതാ പരിപാടിക്കായി 17 പഠിതാക്കളുടെ ഫീസ് 21250 രൂപ (17*1250) സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കുകയുണ്ടായി. (ബിൽ നമ്പർ 5/29-3-16 വികസനഫണ്ട്). എന്നാൽ പഠിതാക്കളുടെ അപേക്ഷയും സ്ഥിരതാമസം വെളിപ്പെടുത്തുന്ന രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ 21250 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നംമ്പർ1/24-11-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തിരൂർ ബ്ലോക്ക് പ്രേരകിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തീരുമാനത്തോടെ തുക അനുവദിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

## 3-8 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

തിരുനാവായ ഗ്രാമ പഞ്ചായത്തിൽ ആകെ 46 അംഗനവാടികളാണ് നിലവിലുള്ളത്. ഇതിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള 1196 കുട്ടികളും 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള 859 കുട്ടികളും ഗുണഭോക്താക്കളാണ്. പ്രസ്തുത അംഗൻവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അംഗൻവാടികളുടെ വിശദാംശങ്ങൾ | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ | 20 |
| 2 | സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾ | 6 |
| 3 | കുടിവെള്ള സൗകര്യമുള്ള അംഗൻവാടികൾ | 20 |
| 4 | വൈദ്യുതി കണക്ഷനുള്ള അംഗൻവാടികൾ | 14 |
| 5 | ഗ്യാസ് കണക്ഷനുള്ള അംഗൻവാടികൾ | 40 |
| 6 | ചുറ്റുമതിലുള്ള അംഗൻവാടികളുടെ എണ്ണം | 7 |
| 7 | ബേബി ഫ്രെണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യമുള്ള അംഗൻവാടികളുടെ എണ്ണം | 1 |

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവർക്കെതിരെയുള്ള എല്ലാവിധ അക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനുള്ള സംവിധാനമാണ് ജാഗ്രതാ സമിതി. തിരുനാവായ ഗ്രാമ പഞ്ചായത്തിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് ജിഒ (എംഎസ്) 39/04 28-5-04 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

തിരുനാവായ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് | തുക | ഇനം |
|---|---|---|---|---|
| 1 | 4110 | അനന്താവൂർ സർവീസ് സഹകരണബാങ്ക് | 356 | സാക്ഷരത |

| | | | | |
|---|---|---|---|---|
| 2 | 67079978791 | എസ് ബി ടി കുറ്റിപ്പുറം | 2993 | ഷോപ്പിംഗ് കോംപ്ലക്സ് |
| 3 | 70184 | പോസ്റ്റ് ഓഫീസ് കുറ്റിപ്പുറം | 210611 | തനത് ഫണ്ട് |
| 4 | 57052669659 | എസ് ബി ടി കുറ്റിപ്പുറം | 7127 | എസ്ജിആർ വൈ |

## 3-11 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വി ഇ ഒ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 30 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി ഭവന നിർമാണത്തിനും 16 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യതിന്റെ ബാങ്കിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിനോടൊപ്പം ഹാജരാക്കിയില്ല .വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ട് നം 56/2015-16

പ്രൊജക്ടിന്റെ പേര്- ഭവനപുനരുദ്ധാരണം

| ബിൽനം /തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 11/15-16 25.1.16 | 1,40,000 | 7 | (6*20,000) SBT തിരുന്നാവായ (1*20,000) KGB ,, |
| 19/2015-16 31.3.16 | 1,80,000 | 9 | (1*20,000) SIB ,, (3*20,000) SBT ., (5*20,000) KGB ,, |

2. പ്രൊജക്ട് നം 57/2015-16

പ്രൊജക്ടിന്റെ പേര് ഭവനനിർമാണം (വിധവ)

| ബിൽ നം /തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 15/15-16 28.2.16 | 1,20,000 | 2 | (1*60,000) SBT തിരുന്നാവായ (1*60,000) KGB ,, |
| 17/15-16 20.3.16 | 80,000 | 1 | (1*80,000) SBT തിരുന്നാവായ |
| 21/15-16 31.3.16 | 60,000 | 1 | (1*60,000) SBT തിരുന്നാവായ |

3 പ്രൊജക്ട് നം 55/2015-16

പ്രൊജക്ടിന്റെ പേര്- ജവഹർഭവനപദ്ധതി

| ബിൽ നം /തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 13/15-16 | 3,30,000 | 5 | (2*80,000) KGB |

| | | | |
|---|---|---|---|
| 27.2.16 | | | തിരുന്നാവായ<br>(1*60,000) ,,<br>(1*30,000) ,,<br>(1*80,000) SBT തിരുന്നാവായ |
| 16/15-16<br>27.2.16 | 1,20,000 | 2 | (1*60,000) SBT തിരുന്നാവായ<br>(1*60,000) KGB തിരുന്നാവായ |
| 20/15-16<br>31.3.16 | 6,00,000 | 9 | (4*60,000) KGBതിരുന്നാവായ<br>(2*70,000) ,,<br>(1*20,000) ,,<br>(2*60,000) SBT തിരുന്നാവായ<br>(1*80,000) ,, |
| 22/15-16<br>31.3.16 | 1,40,000 | 2 | (1*80,000) SBT തിരുന്നാവായ<br>(1*60,000) KGB തിരുന്നാവായ |

മേൽ ഗുണഭോക്താക്കളുടെ ബാങ്കിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 17,70,000 രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് 4/30.11.16 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്

## 3-12 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

വി ഇ ഒ നിർവഹണം നടത്തിയ സ്പിൽ ഓവർ പ്രൊജക്ടുകളായ 1. ഭവന നിർമ്മാണം-വനിത ജനറൽ, 2. ഭവന നിർമ്മാണം-ജനറൽ എന്നീ പ്രൊജക്ടുകൾ പ്രകാരം (പ്രൊജക്ട് നം 57/2015-16 ,55/2015-16) 30 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 18 പേർ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. അവശേഷിയ്ക്കുന്ന താഴെപ്പറയുന്ന 12 പേർ നാളിതുവരെയായിട്ടും വീടുപണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | സുനിത, w/o മണികണ്ഠൻ | 13 |
| 2 | ബീവി, w/o അയമു | 3 |
| 3 | രാജി, w/o ബാലൻ | 11 |
| 4 | ഖദീജ, w/o ഫൈസൽ | 2 |
| 5 | ബദറുന്നീസ, w/o ഷിഹാബ് | 17 |
| 6 | സാജിദ, w/o റഷീദ് | 16 |
| 7 | നഫീസ, w/o സുലൈമാൻ | 21 |
| 8 | ഷാഹിന, w/oനാസർ | 1 |
| 9 | വസന്ത, w/o അറുമുഖൻ | 16 |
| 10 | നഫീസ, w/o അഹമ്മദ് | 5 |
| 11 | സുഹറ, w/o ബാവ | 17 |

| | | |
|---|---|---|
| 12 | സുലൈഖ, w//ഠമൊയ്തീൻ | 4 |

തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തീകരിയ്ക്കാത്ത പക്ഷം, കരാറുടമ്പടി പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-13 പൊതുശ്മശാനം നവീകരണം - ഫീൽഡ് ബുക്ക് ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം.16/16

പ്രോജക്റ്റ് നം.16/16

അടങ്കൽ : 2000000 /-സംസ്ഥാന വിഹിതം

500000 /- തനത്

2500000

ചെലവ്: 2000000 /- ട്രഷറി ബിൽ നമ്പർ 16/31.1.16

500000 /- ചെക്ക് നമ്പർ 188638/20.2.16

2500000

കരാർ നമ്പർ: 18/17.3.15

എം.ബുക്ക് നമ്പർ: 106/14-15, 107/14-15

ഈ പ്രൊജക്റ്റിലെ അപ്പൻഡിക്സ് ഡി യിലെ ആദ്യത്തെ ഇനം കുളത്തിൽ നിന്നും 676 എം3 മണ്ണ് നീക്കം ചെയ്യലാണ്. എം ബുക്ക് നമ്പർ 107/14-15 പേജ് 72 പ്രകാരം 732.60 എം3 പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. കരാറിൽ പറഞ്ഞ അളവിന്റെ 5% അധികമായി 709.80 എം3 ൽ പരിമിതപ്പെടുത്തി എം3 ന് 203.10 രൂപ നിരക്കിൽ 144160.38 രൂപ ഇതിന് പ്രതിഫലം നൽകിയിട്ടുണ്ട്. നീക്കം ചെയ്ത മണ്ണിന്റെ അളവ് രേഖപ്പെടുത്തിയ ഫീൽഡ് ബുക്കിൽ നിന്നും എം.ബുക്ക് നമ്പർ: 106/14-15 ലെ 79, 90 നമ്പർ പേജുകളിൽ അളവ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മുൻപറഞ്ഞവിധത്തിൽ അളവ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്റ്റ് രേഖകൾക്കൊപ്പം ഫീൽഡ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ അളവിന്റെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അടങ്കൽ : 2000000 /-സംസ്ഥാന വിഹിതം

500000 /- തനത്

2500000

ചെലവ്: 2000000 /- ട്രഷറി ബിൽ നമ്പർ 16/31.1.16

500000 /- ചെക്ക് നമ്പർ 188638/20.2.16

2500000

കരാർ നമ്പർ: 18/17.3.15

എം.ബുക്ക് നമ്പർ: 106/14-15, 107/14-15

ഈ പ്രൊജക്റ്റിലെ അപ്പൻഡിക്സ് ഡി യിലെ ആദ്യത്തെ ഇനം കുളത്തിൽ നിന്നും 676 എം3 മണ്ണ് നീക്കം ചെയ്യലാണ്. എം ബുക്ക് നമ്പർ 107/14-15 പേജ് 72 പ്രകാരം 732.60 എം3 പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. കരാറിൽ പറഞ്ഞ അളവിന്റെ 5% അധികമായി 709.80 എം3 ൽ പരിമിതപ്പെടുത്തി എം3 ന് 203.10 രൂപ നിരക്കിൽ 144160.38 രൂപ ഇതിന് പ്രതിഫലം നൽകിയിട്ടുണ്ട്. നീക്കം ചെയ്ത മണ്ണിന്റെ അളവ് രേഖപ്പെടുത്തിയ ഫീൽഡ് ബുക്കിൽ നിന്നും എം.ബുക്ക് നമ്പർ: 106/14-15 ലെ 79, 90 നമ്പർ പേജുകളിൽ അളവ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മുൻപറഞ്ഞവിധത്തിൽ അളവ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്റ്റ് രേഖകൾക്കൊപ്പം ഫീൽഡ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ അളവിന്റെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 3-14 രൂപീകരിക്കാത്ത ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ - നിഷ്ഫലമായ ചെലവ്

പ്രോജക്റ്റ് നം.173/16

അടങ്കൽ : 450000/- ലോകബാങ്ക്

ചെലവ്: 444335 /- ട്രഷറി ബിൽ നമ്പർ 33/11.1.16

കരാർ നമ്പർ: 21/18.8.15

എം.ബുക്ക് നമ്പർ: 16/15-16

തിരുനാവായ ഗ്രാമപഞ്ചായത്ത് വിഭജിച്ച് അനന്താവൂർ ഗ്രാമപഞ്ചായത്ത് എന്ന പേരിൽ മറ്റൊരു പഞ്ചായത്ത് കൂടി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനം എടുത്തിരുന്നു. ഈ സാഹചര്യത്തിൽ പുതുതായി രൂപീകരിക്കപ്പെടുമെന്ന് കരുതപ്പെട്ട അനന്താവൂർ ഗ്രാമപഞ്ചായത്തിന് അടിസ്ഥാന കെട്ടിട സൗകര്യം ഒരുക്കുന്നതിന്, തിരുനാവായ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ സാംസ്കാരിക നിലയത്തിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് ഈ പ്രൊജക്ട് ആവിഷ്കരിച്ച് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പുതുതായി രൂപീകരിക്കപ്പെടുമെന്ന് കരുതപ്പെട്ട അനന്താവൂർ ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സർക്കാർ തിരുനാവായ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയതിന്റെ രേഖകൾ ഒന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ, രൂപീകരിക്കപ്പെട്ടിരുന്നുവെങ്കിൽ, നിയമപരമായി തികച്ചും സ്വതന്ത്രമായ നിലനിൽപ്പുണ്ടാകുമായിരുന്ന മറ്റൊരു പഞ്ചായത്തിനുവേണ്ടി പ്രൊജക്ട് ആവിഷ്കരിച്ച് നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

1.12.16 ന് സാംസ്കാരിക നിലയത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ ഈ പ്രൗജക്ട് നിർവ്വഹിക്കുക വഴി ഒരു ഗ്രാമപഞ്ചായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ അവിടെ ഒരുക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്ത് വിഭജനം നടക്കാത്തതിനാൽ പ്രൊജക്ട് പ്രാകാരം ചെലവഴിച്ച മുഴുവൻ തുകയും പാഴായിരിക്കുകയാണ്.

## 3-15 ആശ്രയ പദ്ധതി -പൊതു അവലോകനം

സമൂഹത്തിലെ നിരാശ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. തിരുനാവായ ഗ്രാമ പഞ്ചായത്ത് 2011 മുതൽ 2014 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2016-17 വർഷത്തിൽ പഞ്ചായത്ത് ആശ്രയ പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവേ നടത്തികൊണ്ടിരിക്കുകയാണ്. 2011-14 കാലയളവിലേക്കായി അംഗീകാരം നേടിയ പദ്ധതിയിൽ 204 ഗുണഭോക്താക്കളെ ഉൾപ്പടുത്തിയിട്ടുണ്ട് (കുടുംബങ്ങൾ -117). ബന്ധപ്പെട്ട രേഖകൾ പ്രകാരം പദ്ധതിക്ക് വേണ്ടി 2015-16 വർഷത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല. പദ്ധതിക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 38,75,000 രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും 15,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. ആകെ 53,75,000 രൂപ ലഭ്യമായിട്ടുണ്ട്. 61,62,000 രൂപ അടങ്കലുള്ള പദ്ധതിക്ക് ഇതുവരെ 48,10,253 രൂപ ചെലവായി. പദ്ധതിക്ക് വേണ്ടി തുടങ്ങിയ KGB, തിരുനാവായ ശാഖയിൽ (A/c No.40105101007550) 7,62,980 രൂപ നീക്കിയിരിപ്പുണ്ട്.

ഭക്ഷണം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് ആനുകൂല്യങ്ങൾ കൂടുതലായി നൽകി കാണുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഗുണഭോക്താക്കൾക്ക് ഉറപ്പാക്കുന്നതിന് മുൻഗണന നൽകിയിട്ടില്ല. എന്നിരുന്നാലും പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| പ്രൊജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 27 | 14 | 3325000 |
| സ്ഥലം ആവശ്യമുള്ളവർ | 17 | 3 | 375000 |
| കക്കൂസ് ആവശ്യമുള്ളവർ | 0 | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 | 0 | 0 |
| ചികിൽസ | 105 | 0 | 0 |
| വിദ്യാഭ്യാസം | 30 | 30 | 111022 |
| ഭക്ഷണം | 117 | 117 | 989231 |
| മറ്റുള്ളവ | | | 10000 |

പദ്ധതി നടത്തിപ്പിൽ ചുവടെ പറയും പ്രകാരം അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2011 മുതൽ 2014 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പ്രകാരം പദ്ധതിക്ക് 2015-16 വർഷത്തിലും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

2. കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുള്ള ഗുണഭോക്താക്കൾ ഉൾപ്പട്ടുകാണുന്നില്ല. പദ്ധതി തയ്യാറാക്കിയതിൽ വന്ന അപാകതയാണിത്.

രണ്ടാം ഘട്ടത്തിലേയ്ക്ക് ആവശ്യകതാ നിർണയം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായ എല്ലാവരും പദ്ധതിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കി കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി നടപ്പാക്കാൻ ഭരണസമിതിയും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രതൃവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| Tirur Block Panchayath | 50000 | പരിരക്ഷ ആരോഗ്യ സാന്ത്വന പരിപാടി | 50000 | 0 |
| | 75000 | പരിരക്ഷ ആരോഗ്യ സാന്ത്വന പരിപാടി | 75000 | 0 |
| | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത | 125000 | 0 |
| | 125000 | വികലാംഗർക്ക് മുച്ചക്ര വാഹനം | 125000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 23 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ഡി.ഡി. നമ്പർ 418245/19-9-15 19,12,790 418244/19-9-15 3,87,140 | 2299930 | 2299930 | പൂർത്തീകരിച്ചില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | Shopping complex building construction | ലഭ്യമല്ല | ലഭ്യമല്ല | 655240 | 219716 | 61328 | 435524 |
| | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| Share-Malappuram co-operative spinning mill Ltd | 2000 | 36/27-07-1987 |
| Share-Malappuram district co-operative Hospital | 3000 | 45/19-01-1994 |
| Share-Malappuram co-operative Textiles Ltd | 50000 | 258/03-08-1996 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംതുകയൊന്നെ ലഭിച്ചിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2(1) | 2014-15 | 2(1) | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു. 01.07.2016 മുതൽ എഗ്രിമന്റ് വച്ചു. |
| 2012-13 | " | " | " | " | " |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47290222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56892905 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 82,950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 71,50,215 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 82,950 | ശ്രീമതി ടി.പി.സരസ്വതി, സെക്രട്ടറി |
| ആകെ | | 82,950 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,31,975 | ശ്രീമതി ടി.പി.സരസ്വതി,സെക്രട്ടറി |
| 3-2 | 22,99,930 | ശ്രീമതി ടി.പി.സരസ്വതി,സെക്രട്ടറി |
| 3-3 | 11,00,000 | ശ്രീമതി ടി.പി.സരസ്വതി,സെക്രട്ടറി |
| 3-4 | 14,27,060 | ശ്രീമതി ടി.പി.സരസ്വതി,സെക്രട്ടറി |
| 3-7 | 21,250 | ശശീന്ദ്രൻ മാസ്റ്റർ, ഹെഡ്മാസ്റ്റർ |
| 3-11 | 17,70,000 | മുഹമ്മദ് ഹാഷിം.പി, വി.ഇ.ഒ |
| ആകെ | 71,50,215 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ടി.പി.സരസ്വതി, സെക്രട്ടറി | വിരമിച്ചു | കൃഷ്ണഭവൻ വീട് കാലടി (പി.ഒ) മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 | |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 | |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 | |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 | |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 | |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 | |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: 31.08.2004 | 10 | |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 | |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 | |
| 1989-91 | എൽ.എഫ്.എം.7/1084/94 തിയ്യതി: 06.02.1995 | 12 | |
| 1991-92 | എൽ.എഫ്.എം.7/1089/94 തിയ്യതി: 31.08.1994 | 7 | |
| 1992-94 | എൽ.എഫ്.എം.5/720/97 തിയ്യതി 5.3.98 | 7 | |
| 1994-96 | എൽ.എഫ്.എം.5/868/99 തിയ്യതി 5.10.99 | 4 | |
| 1996-97 | എൽ.എഫ്.എം.5/11/99 തിയ്യതി 9.11.99 | 1 | |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07 തിയ്യതി 6.2.09 | 1 | |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07 തിയ്യതി 6.2.09 | 1 | |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 | |

| | | | |
|---|---|---|---|
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 | |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 | |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 9 | |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 4 | |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 | |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 | |
| 2005-06 | എൽ.എഫ്.എം.14/258/09/09 തിയ്യതി 27.6.09 | 16 | |
| 2006-07 | എൽ.എഫ്.എം.14/259/09/09 തിയ്യതി 18.7.09 | 49 | |
| 2007-08 | എൽ.എഫ്.എം.14/260/09/09 തിയ്യതി 18.7.09 | 42 | |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 | 19 | |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 | 18 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 4-10 ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM.17/3282/2016

Kerala State Audit Department District
Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.30-01-2017

CERTIFICATE

Certified that I have examined the Annual Financial Statement of Thirunavaya Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Thirunavaya Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.17/3282/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 30-01-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.